**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2133** **09-02-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ജില്ല ആശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ജില്ല ആശുപത്രിയിൽ 16.5 കോടി രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാതൃ-ശിശു വിഭാഗത്തിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി 2022 നവംബർ 11 ന് ലഭിച്ചിട്ടും സാങ്കേതികാനുമതി പോലുള്ള തുടർനടപടികൾ പൂർത്തീകരിക്കാനാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | നിലമ്പൂർ ജില്ല ആശുപത്രിയിൽ 16.5 കോടി രൂപ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മാതൃ-ശിശു വിഭാഗത്തിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനായി ടെക്നിക്കൽ സാങ്ക്ഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അഞ്ച് കോടി രൂപയിൽ കൂടുതലുള്ള പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത് ആരാണെന്നും അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | ധനകാര്യ വകുപ്പിന്റെ 04.07.2019 തീയതിയിലെ സ.ഉ(പി) നം.77/ 2019/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി ചെയർമാനും, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത രണ്ട് എഞ്ചിനീയർമാർ, നിർവ്വഹണ ഏജൻസിയുടെ എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകളിൽ കമ്മിറ്റിയെ സഹായിക്കാനായി വിരമിച്ച എഞ്ചിനീയർ എന്നിവർ ഉൾപ്പെട്ട സമിതിയാണ് അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത്. |
| (സി) | ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ 21.11.2022ൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ എൻ.എച്ച്.എം./7039/ ഇ.എൻ.ജി.ജി.3/2022/എസ്.പി.എം.എസ്.യു. നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; മേൽ കത്തിൽ പരാമർശിച്ച വിഷയത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് രൂപീകരിക്കാനാകുമെന്ന് അറിയിക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനായി ടെക്നിക്കൽ സാങ്ക്ഷൻ കമ്മിറ്റി യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി 30.05.2022 തീയതിയിലെ സ.ഉ(സാധാ)നം.1230/2022/ ആകുവ പ്രകാരം രൂപീകരിക്കുകയും 07.12.2022തീയതിയിലെ സ.ഉ (സാധാ).നം.2888/2022/ആകുവ പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ആരോഗ്യ വകുപ്പിന് കീഴിൽ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി രൂപീകരിക്കാത്തത് കാരണം നിലമ്പൂർ ജില്ല | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനായി ടെക്നിക്കൽ സാങ്ക്ഷൻ കമ്മിറ്റി |

| | | | |
|---|---|---|---|
| | ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് നടക്കേണ്ട പ്രവൃത്തി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി 30.05.2022 തീയതിയിലെ സ.ഉ(സാധാ)നം.1230/2022/ ആകുവ പ്രകാരം രൂപീകരിക്കുകയും 07.12.2022തീയതിയിലെ സ.ഉ (സാധാ).നം.2888/2022/ആകുവ പ്രകാരം ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ